# IDEAL INDIAN SCHOOL,DOHA-QATAR
## TERM I EXAMINATION, OCTOBER 2023
## MALAYALAM (CODE-012)

**Class:IX** **Max.Marks:80**
**Date: 10.10.2023** **Duration:3hours**

---

**The question paper is divided into two sections:**
**Section A: Reading Comprehension (V.S.A.Q)**
**Vocabularuy Building & Prose & Poetry : 40 Marks**
**Section B: Grammar, Composition**
**Literature (Prose,Poetry & Supplementary) :40 Marks**

---

**എ – വിഭാഗം / Section: A**

**1.തന്നിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും1 മാർക്ക് വീതം) (8x1=8)**

**അങ്കണ തൈമാവിൽ നി -**
**ന്നാദ്യത്തെ പഴം വീഴ്കെ**
**യമ്മതൻ നേത്രത്തിൽ നി**
**ന്നുതിർന്നു ചുടു കണ്ണീർ**
**നാലുമാസത്തിൻ മുൻപി-**
**ലേറെ നാൾ കൊതിച്ചിട്ടീ**
**ബാലമാകന്ദം പൂവി-**
**ട്ടുണ്ണികൾ വിരിയവേ**
**അമ്മതൻ മണിക്കുട്ടൻ**
**പൂത്തിരി കത്തിച്ചപ്പോ-**
**ലമ്മലർച്ചെണ്ടൊന്നൊടി**
**ച്ചാഹ്ളാദിച്ചടുത്തെത്തി**
**ചൊടിച്ചു മാതാവപ്പോൾ**
**ഉണ്ണികൾ വിരിഞ്ഞ പൂ**
**വൊടിച്ചു കളഞ്ഞല്ലോ**
**കുസൃതിക്കുരുന്നേ നീ**
**മാങ്കനി വീഴുന്നേര-**
**മോടിച്ചെന്നെടുക്കേണ്ടോൻ**
**പൂങ്കുല തല്ലുന്നത്**
**തല്ലുകൊള്ളാഞ്ഞിട്ടല്ലേ**
**പൈതലിൻ ഭാവം മാറി**

വദനാംബുജം വാടി
കൈതവം കാണാക്കണ്ണു
കണ്ണുനീർ തടാകമായ്.

ചോദ്യങ്ങൾ

1.അമ്മയുടെ നേത്രത്തിൽനിന്നും ഉതിർന്നു വീണത് എന്ത്?

2. മാവ് എന്ന പദത്തിന് പകരമായി ഉപയോഗിച്ചിരിക്കുന്ന പദം ഏത്?

3. കുട്ടിയുടെ സന്തോഷത്തെ കവി ഉപമിച്ചിരിക്കുന്നത് എങ്ങനെയാണ്?

4. പൂങ്കുലയുമായി അമ്മയ്ക്ക് മുന്നിലെത്തിയ കുട്ടിയോട് അമ്മ പെരുമാറിയത് എങ്ങനെ?

5. "ഉണ്ണികൾ വിരിഞ്ഞ പൂവൊടിച്ചു കളഞ്ഞല്ലോ കുസൃതി കുരുന്നേ നീ" ഇങ്ങനെ പറഞ്ഞത് ആരാണ് ?

6. കുട്ടിക്ക് ഉണ്ടായ സങ്കടത്തെ സൂചിപ്പിക്കുന്ന വരി കണ്ടെത്തുക.

7. 'കൈതവം കാണാക്കണ്ണു കണ്ണുനീർ തടാകമായി' - ആരെക്കുറിച്ചാണ് ഇവിടെ പറയുന്നത്?

8. കുട്ടി പൂങ്കുല തല്ലുന്നത് എന്തുകൊണ്ടാണെന്നാണ് അമ്മ പറയുന്നത്?

2.തന്നിരിക്കുന്ന പദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും1 മാർക്ക് വീതം) (7x1=7)

കമ്മലിനൊക്കും പൂവുകൾ ചാരെ
നിർമല വെള്ള പട്ടിലകൾ
ചില്ലകൾ തോറും നൂറുകണക്കിനു
നല്ല പതുത്തൊരു പച്ചിലകൾ
വെള്ളിലവള്ളിയിതെല്ലാം
ചാർത്തി തുള്ളി രസിച്ചു തിമിർക്കുമ്പോൾ
ഉള്ളിലസൂയപ്പെട്ടു വാടി
ക്കുള്ളിലനേകം പൂച്ചെടികൾ
മന്ദമണഞ്ഞു വനികയിലേക്കൊരു
സുന്ദരിയാം ചെറു പൂമ്പാറ്റ
ചേതോഹരമായി വായുവിൽ

നീന്തിടുമേതോ ദേവതയെന്നോണം
മന്നിതിലേക്ക് വിരുന്നു വരുന്നൊരു
മഴവില്ലിൻ മകളെന്നോണം
വരികെന്നവളെ വിളിച്ചു വീശും
ചെറു ചില്ലകളാൽ പൂച്ചെടികൾ
അവളോ വെള്ളില വള്ളിയിലത്രേ
അതിലോലം ചെറുകാലൂന്നീ
പുളകം പൂണ്ടു വെള്ളിലവല്ലരി
പുണ്യത്താലിതു കൈവന്നു
പവിഴച്ചുണ്ടിൽ ചുംബിച്ചൂട്ടി
യവളെത്തേനും പൂമ്പൊടിയും
വെള്ളില വള്ളിക്കെത്ര കൊടുക്കിലും
മുള്ളിൽ  തൃപ്തി വരുന്നീല.

ചോദ്യങ്ങൾ

1.തുള്ളി രസിച്ചു നിൽക്കുന്നതാരാണ്?

2.ആരാണ്പൂന്തോട്ടത്തിലേക്ക് മന്ദമണഞ്ഞത്?

3. പുളകം പൂണ്ടത് ഏതു ചെടിയാണ്?

4.ഭൂമിയിലേക്ക് വിരുന്നു വന്ന ആരെ പോലെയാണ് പൂമ്പാറ്റയെ വർണ്ണിക്കുന്നത്?

5.പവിഴച്ചുണ്ടിൽ ചുംബിച്ചൂട്ടിയത് എന്താണ്?

6 . എത്ര കൊടുത്തിട്ടും വെള്ളിലവള്ളിക്ക് തൃപ്തി വരാത്തത് എന്തായിരുന്നു?

7. ആരായിരുന്നു അസൂയപ്പെട്ട് വാടി നിന്നത്?

3.തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തിരഞ്ഞെടുത്തെഴുതുക .

(7x1=7)

3(a ) മഞ്ഞ് - എന്ന  പദത്തിൻറെ പര്യായം പദം  തന്നിരിക്കുന്നതിൽ ഏത്?

a) തുഷാരം  b) വീതി  c) ധൂപം  d )മഴ

3(b) 'മന്ത്രവാദി'- എന്ന പദത്തിൻറെ എതിർലിംഗം ഏത്?

a) മന്ത്രവാദിനി b) മന്ത്രവാദിത്രി c) മന്ത്രവാദ d) മന്ത്രവാദിണി

3 (c) ഇച്ഛ - എന്ന പദത്തിൻറെ ശരിയായ അർത്ഥം ഏത് ?

a).ഭ്രാന്ത് b). തടയുക c )സ്ഥലം d )ആഗ്രഹം

3 (d) കരാളം - മരാളം എന്നീ വാക്കുകളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നവയിൽ ഏതാണ്?

a) കാള - വാരം b) അരയന്നം - ഭയങ്കരം
c) ഭയങ്കരം - അരയന്നം d) വാരം - കാള

3(e) 'ഭൗമിക പ്രതിഭാസം ' എന്ന പദത്തിൻറെ ശരിയായ വിഗ്രഹാർത്ഥമേത്?

a) ഭൗമികത്തിന്റെ പ്രതിഭാസം b) ഭൗമികമായ പ്രതിഭാസം
b) c) ഭൗമികത്താൽ പ്രതിഭാസം d) ഭൗമികതയുടെ പ്രതിഭാസം

3(f) മതി - എന്ന പദത്തിൻറെ നാനാർത്ഥമല്ലാത്തത് ഇവയിൽ ഏതാണ്?
a)ബുദ്ധി b)ചന്ദ്രൻ c) തൃപ്തി d)ആഹാരം

3(g) 'വിസ്മരിയ്ക്കാൻ പറ്റാത്തത്' - എന്നതിൻറെ ഒറ്റപ്പദം ഏത്?

a)വിസ്മരണീയം b) അവിസ്മരണീയം c) അവിചാരിത സ്മരണീയം
d) അനുസ്മരണീയം

3(h) 'അന്തിയിൽ' എന്നതിൻറെ ശരിയായ പിരിച്ചെഴുത്ത് ഏത്?

a)അന്തി + ഇൽ b) അന്തി + യിൽ c) അന്തം+ ഇൽ
d) അന്ത്യം + ഇൽ

3(i)ആചാരം എന്ന പദത്തിൻറെ വിപരീത പദം ഏത് ?

a)ആകാരം b)വിചാരം c)മനോവിചാരം d)അനാചാരം

3(j) തന്നിരിക്കുന്നവയിൽ ശരിയായ പദം കണ്ടെത്തി എഴുതുക.

a)ആഡംബരം b) ആഡേബരം c) ആഡാംബരം d) ആഢംബരം

4.തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുക്കുക .( ഓരോന്നിനും 2 മാർക്ക് വീതം) (9x2=18)

4(a). "കാലത്തിന്റെ കരാളമാം പാതകൾ താണ്ടി താണ്ടി"-

i വണ്ടിക്കാരന്റെ എന്താണ് തേഞ്ഞു പോയിരിക്കുന്നത് ?

a) കൈകൾ b) കാലുകൾ c) കണ്ണുകൾ d) കരൾ

ii. ഏതു കൃതിയിലേതാണ് ഈ വരികൾ?

a) ഓർക്കുക വല്ലപ്പോഴും b) മാമ്പഴക്കാലം c) ഭൂമിക്കൊരു ചരമഗീതം d) കല്പശാഖി

4(b). 'കർത്താർ സിംങ്ങ് എം . എ ഫിലോസഫി ഐച്ഛികമായി എടുത്തു പഠിച്ചിരുന്നു.'

i.എവിടെയാണ് പഠിച്ചത്?

a) പഞ്ചാബ് b) ലാഹോർ c) ജർമ്മനി d) ബോംബെ

ii. കർത്താവ് സിങ്ങ് ഏത് ജർമൻ തത്വചിന്തകന്റെ ഉദ്ധരണിയാണ് തെറ്റ് കൂടാതെ പറഞ്ഞത്?

a) ഇമ്മാനുവൽ കാന്റ് b) സിഗ്മൺ ഫ്രോയിഡ്, c) ദെറിദ, d) ഴാക് ലകാൻ

4 (c). i.ആർഭാടത്തിനെതിരായ ആദ്യത്തെ ശബ്ദം ആരുടേതായിരുന്നു?

a) മന്നത്ത് പത്മനാഭൻ b) ശ്രീനാരായണഗുരു c) എം എൻ വിജയൻ d)ചട്ടമ്പിസ്വാമി

ii. എന്തിനെയാണ് ഗുരു നിരാഡംബരമാക്കിയത്?

a)ആരാധനയെ b) പ്രകൃതിയെ
c) ആശുപത്രികളെ d) മത്സ്യബന്ധനത്തെ )

4(d). 'ആപത്തിൽ അന്യോന്യം തുണയ്ക്കാനാണ് ദൈവം മനുഷ്യന് വിവേകം കൊടുത്തിരിക്കുന്നത് '

i.ആരാണ് ഇങ്ങനെ പറയുന്നത്?

a) കർത്താർ സിംഗ് b) ദാമോദർ ഗാവുങ്കർ c)സ്റ്റേഷൻ മാസ്റ്റർ d)രാംഗോപാൽ മിശ്ര

ii. ഡൽഹിയിലേക്ക് പോകുന്ന ട്രെയിൻ ഒമ്പതര മണിക്കാണ് എന്നു വന്നു പറഞ്ഞത് ആരാണ്?

a) സ്റ്റേഷൻ മാസ്റ്റർ b) രാംഗോപാൽ മിശ്ര c) സുഹൃത്തുക്കൾ d) വെയിറ്റർ

4(e). i.വിക്ടോറിയ വെള്ളച്ചാട്ടത്തിന്റെ അവിസ്മരണീയമായ കാഴ്ചകൾ ഏതു ഭാഗത്തുനിന്നാണ് കൂടുതൽ കാണാൻ കഴിയുന്നത്?

a) സിംബാവെ b) ബോട്സ്വാന c) സാംബിയ d) നൈജീരിയ

ii. വിക്ടോറിയ വെള്ളച്ചാട്ടം ഏതു രാജ്യത്താണ് സ്ഥിതി ചെയ്യുന്നത്?

a) അമേരിക്ക b) ഇന്ത്യ c) ആഫ്രിക്ക d) ഫ്രാൻസ്

4.(f). i.വിഷക്കാവിൽ വെളിച്ചമകറ്റുവാൻ ദുർമന്ത്രവാദം ചെയ്യുന്നത് ആരാണ്?

a)കാക്ക b) മൂങ്ങ c)തത്ത d)കന്യകമാർ

ii. ഏതുസമയത്താണ് ദുർ മന്ത്രവാദം ചെയ്യുന്നത്?

a) പ്രഭാതത്തിൽ b) രാത്രിയിൽ c) മധ്യാഹനത്തിൽ d)അന്തിയിൽ

4(g)'ആനയുള്ള ദൈവം ആനയില്ലാത്ത മറ്റു ദൈവങ്ങളെക്കാൾ എത്രയോ വലിയവൻ'

i.ആരുടെ വാക്കുകൾ ആണിത്?

a) ഉള്ളൂർ b) നിത്യ ചെതന്യയതി c) എം എൻ വിജയൻ d) സക്കറിയ

ii. വലുത് എന്നതിന്റെ വിപരീതപദം എന്ത്?

a) ദീർഘം   b) നീളമുള്ള   c) വലിപ്പമുള്ള   d) ചെറുത്

4(h) 'ജല കണികകളുടെ പറക്കുന്ന ശീലയുടെ വമ്പിച്ച വിസ്തൃതിയിൽ മഴവില്ലുകൾ ജനിക്കുകയും മായുകയും ചെയ്യുന്നു'

i)ആരാണ് ഇങ്ങനെ വർണ്ണിക്കുന്നത്?

a) എസ് കെ പൊറ്റക്കാട്   b) സക്കറിയ   c) വാഷിംഗ്ടൺ   d) ലിവിങ്സ്റ്റൺ

ii. ഏതു വെള്ളച്ചാട്ടത്തെക്കുറിച്ചാണ് ഇവിടെ വർണ്ണിക്കുന്നത്?

a) നയാഗ്ര വെള്ളച്ചാട്ടം   b) ആഫ്രിക്കൻ വനാന്തരം
c) വിക്ടോറിയ വെള്ളച്ചാട്ടം   d) ആഫ്രിക്കക്കാരെ കുറിച്ച്

4(i) 'ദയാർഹമാം ഞരക്കം മാത്രം കേൾക്കാം'

i)എവിടെനിന്നാണ് ദയാർഹാം ഞരക്കം മാത്രം കേൾക്കുന്നത്?

a) കരിക്കൊടി വള്ളിയിൽ നിന്ന്   b) വണ്ടിത്തട്ടിൽ നിന്ന്
c) പുഞ്ചവയലിൽ നിന്ന്   d) വിഷക്കാവിൽനിന്ന്

ii. "ഒട്ടേറെ അപൂർവമായി കേട്ടിടാം"- എന്താണ് അപൂർവമായി കേൾക്കുന്നത്?

a) കന്യകമാർ മൂളുന്ന പാട്ട്   b )മിത്രാദികൾ പാടുന്ന പാട്ട്
c) കൃഷിക്കാർ പാടുന്ന പാട്ട്   d) കാളവണ്ടിക്കാരൻ മൂളുന്ന പാട്ട്

4(j). "ഇന്ന് നമുക്ക് ടാക്സിൽ പോകാം ബസ് കാത്തുനിന്ന് സമയം കളയേണ്ട "
i.ആരാണ് ഇപ്രകാരം പറയുന്നത്?

a) മൈക്കിൾ   b) പോൾ സക്കറിയ   c) ദാമോദർ ഗാവുങ്കർ   d) നിത്യ ചൈതന്യയതി

ii. ആരോടാണ് ഇപ്രകാരം പറയുന്നത്?
a)എസ് കെ പൊറ്റക്കാട്ടിനോട്  b) നിത്യ ചൈതന്യ യതിയോട്
c) അമ്മയോട്  d) പഥികരോട്

## ബി – വിഭാഗം / Section:B

5.(a)അംഗവാക്യം അംഗിവാക്യം എന്നിവ വേർതിരിച്ചെഴുതുക. (2X1=2)

i. ഉണർവും മത്സരവും ഏറിയ നമ്മുടെ സമുദായത്തിൽ ആർഭാടത്തിന്റെ ഉന്മാദം വർദ്ധിച്ചുവരുന്നു .

ii. വെള്ളച്ചാട്ടത്തിന് കഷ്ടിച്ച് 500 മീറ്റർ മുകളിൽ ഞാൻ എന്റെ ഗൈഡുകളോടൊപ്പം നദിയിലിറങ്ങി കുളിച്ചു .

5(b) പ്രയോഗം മാറ്റുക . (2x1=2)

i. ദാമോദർ ഗാവുങ്കർ എൽഫെൻസ്റ്റൻ കോളേജിൽ ഫിലോസഫി എം. എക്ക് പഠിക്കുന്നു.
ii. ii. ശ്രീനാരായണഗുരു ആരാധനയെ പോലും നിരാഡംബരമാക്കി

5 (c) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക. (2x1=2)

i. താഴെനിന്ന് വെള്ളച്ചാട്ടത്തിന്റെ ഇടിമുഴക്കം പോലെയുള്ള അലർച്ചയും ഗർജനവും കേൾക്കാം.

ii. പാവങ്ങളുടെ ആഗ്രഹങ്ങളെയും മോഹങ്ങളെയും അറിവിലേക്കും വ്യവസായത്തിലേക്കും ഗുരു തിരിച്ചു വിട്ടു.

5 (d) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകും വിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.

(2x1=2)

i. സങ്കടം ഉണർത്തിക്കുക ii. തലകുത്തി മറിയുക
iii. പാപ്പരായി തീരുക

6.(a) താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക. **(1x5=5)**

പരിസ്ഥിതി സംരക്ഷണം

**OR**

സ്ത്രീശാക്തീകരണം

6 (b) കത്ത് തയ്യാറാക്കുക

**(1x5=5)**

നിത്യോപയോഗ സാധനങ്ങളുടെ അമിതമായ വില വർദ്ധന തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന മുഖ്യമന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക.

6(c)

പത്രവാർത്ത തയ്യാറാക്കുക. **(1x4=4)**

വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ബോധവൽക്കരണ സന്ദേശവുമായി വിദ്യാർത്ഥി കൂട്ടായ്മകൾ

7.തന്നിരിക്കുന്നതിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കു മാത്രം ഉത്തരം എഴുതുക **(2x3=6)**

7(a) ആർഭാടം ഒരു ഉന്മാദാവസ്ഥയാണ് - വിശദമാക്കുക

7 (b) സഞ്ചാരസാഹിത്യം എന്നാൽ കേവലം കണ്ട കാഴ്ചകളുടെ വിവരണം മാത്രമല്ല ഗൗരവപൂർണ്ണമായ സാമൂഹിക സാംസ്കാരിക വിശകലനം കൂടിയാണ്- പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

7 (c) രണ്ട് ടാക്സിക്കാർ എന്ന പാഠഭാഗത്തിൽ നിന്നും നമുക്ക് ലഭിക്കുന്ന മൂല്യങ്ങൾ എന്തെല്ലാമാണ്?

8.തന്നിരിക്കുന്നതിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കു മാത്രം ഉത്തരം എഴുതുക (2x3=6)

8(a) കാളകൾ എന്ന ശീർഷകം പാഠഭാഗത്തിന് എത്ര അനുയോജ്യമാണ്- വിശകലനം ചെയ്യുക.

8(b) മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടിട്ടറ്റത്ത് വണ്ടി ക്കയ്യിലിരിപ്പൂ കൂനിക്കൂടി"
വണ്ടിക്കാരനെ മറ്റൊരു വണ്ടിക്കാള എന്നു വിശേഷിപ്പിക്കാൻ കാരണമെന്ത്?

8(c) "ഒരുനാൾ ഗ്രാമവീഥി തന്നിലായിക്കണ്ടു ഞാൻ കരൾ നടുങ്ങവേയിമ്മട്ടാമൊരു രംഗം"
എന്താണ് കണ്ടത്?കാഴ്ച വിവരിക്കുക.

9.തന്നിരിക്കുന്നതിൽ ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കു മാത്രം ഉത്തരം എഴുതുക . (2x3=6)

9(a) നരേന്ദ്രന്റെ വായനയെക്കുറിച്ച് അദ്ദേഹത്തിന്റെ തന്നെ അഭിപ്രായം സമർപ്പിക്കുക.

9(b) പൗരോഹിത്യം ഉണ്ടാക്കിയ ഇത്തരം വിടവുകൾ നികത്താൻ ആണല്ലോ നരേന്ദ്രൻ പിറന്നത് തന്നെ - ഉദാഹരണസഹിതം സമർത്ഥിക്കുക .

9(c) നരേന്ദ്രന്റെ ആദ്യത്തെ ആദ്ധ്യാത്മിക അനുഭൂതിയെക്കുറിച്ച് വിവരിക്കുക

--------------------------------